മന്ത്രിമാരുടെ എസ്കോർട്ട് വാഹനങ്ങൾ മുട്ടി പരിക്കേറ്റവർ

20(20) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെങ്കിലും മന്ത്രിമാരുടെ വാഹനങ്ങളോ മന്ത്രിമാർക്ക് എസ്കോർട്ടും പൈലറ്റും പോകുന്ന വാഹനങ്ങളോ ഇടിച്ച് അപകടം ഉണ്ടായിട്ടുണ്ടോ ;

(ബി) ഓരോ അപകടത്തിന്റെയും വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) I മന്ത്രിമാരുടെ വാഹനങ്ങൾ അപകടത്തിൽപ്പെട്ട സംഭവം

1. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി ശ്രീ. പി. ജെ. ജോസഫിന്റെ വാഹനം 24-5-1999-ൽ പൈനാവിന് സമീപം വച്ച് കെഎൽ 7/എം 2450-ാം നമ്പർ പ്രൈവറ്റ് ബസ്സുമായി കൂട്ടിയിടിച്ചതിൽ മന്ത്രിയുടെ കാറിന് കേടുപാടുകൾ പറ്റിയിട്ടുള്ളതാണ്. ആർക്കും പരിക്കില്ല. ആയതിന് ഇടുക്കി പി.എസ്സിൽ ക്രൈം 83/99 ആയി കേസെടുത്തിട്ടുള്ളതും 26-6-1999-ൽ ഇടുക്കി ജെ.എഫ്.എം.സി-യിൽ ചാർജ്ജ് സമർപ്പിച്ചിട്ടുള്ളതുമാണ്.
2. മുൻ കേരള ആരോഗ്യവകുപ്പുമന്ത്രി ശ്രീ. എ.സി. ഷൺമുഖദാസ് സഞ്ചരിച്ചിരുന്ന കെ.എൽ.01/സി.338 എന്ന കാർ 1-10-1999-ൽ മറയൂർ പി.എസ്. അതിർത്തിയിൽപ്പെട്ട് കോരക്കടവ് എന്ന സ്ഥലത്തുവച്ച് കെ.എൽ.01/703-ാം നമ്പർ ജീപ്പിലിടിച്ചിട്ടുള്ളതും ആയതിന് മറയൂർ പി.എസ്സിൽ ക്രൈം 90/99 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 30-10-1999-ൽ ദേവികുളം ജെ.എഫ്.എം.സി-യിൽ ചാർജ്ജ് ഷീറ്റ് കൊടുത്തിട്ടുള്ളതും ആകുന്നു. ആർക്കും പരിക്ക് പറ്റിയിട്ടില്ല.
3. ആലപ്പുഴ കൊമ്മാടി ഭാഗത്തുവച്ച് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി മന്ത്രി ശ്രീ. എസ്. ശർമ്മ സഞ്ചരിച്ചിരുന്ന കാർ കെ.എൽ.4/എഫ് 164-ാം നമ്പർ മോട്ടോർ സൈക്കിളിൽ ഇടിച്ച് മോട്ടോർ സൈക്കിൾ ഓടിച്ചിരുന്ന ആളിന് പരിക്കുപറ്റിയത് സംബന്ധിച്ച് ആലപ്പുഴ നോർത്ത് പി.എസ്സിൽ ക്രൈം 310/99 യു/എസ് 279, 337, ഐ.പി.സി പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. ആലപ്പുഴ-എറണാകുളം എൻ.എച്ച്-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രിയുടെ കാർ (കെ.എൽ. 01-കെ.8459) അപകടം ഒഴിവാക്കാൻ പെട്ടെന്ന് വെട്ടിച്ച സമയം സൈക്കിളിൽ യാത്ര ചെയ്തുവന്ന രണ്ടുപേർക്ക് പരിക്ക് പറ്റി. ഈ സംഗതിക്ക് ചേർത്തല പി.പി.എസ്. ക്രൈം 86/99 യു/എസ് മോട്ടോർ ഒക്കെറൻസ് ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി 19-3-1999-ൽ ഫൈനൽ റിപ്പോർട്ട് കോടതിക്ക് സമർപ്പിച്ചു.

5. ബഹുമാനപ്പെട്ട മന്ത്രി രാധാകൃഷ്ണൻ അവർകളുടെ കാർ (കേരളാ സ്റ്റേറ്റ് നമ്പർ.15) 13-3-1999-ൽ പുറക്കാട്ടുവച്ച് ഓട്ടോറിക്ഷയുമായി ഇടിച്ച് ഓട്ടോ ഡ്രൈവർ ദിനരാജൻ മരണപ്പെടുകയും ഓട്ടോറിക്ഷയിൽ സഞ്ചരിച്ചിരുന്ന 4 സ്ത്രീകൾക്ക് പരിക്ക് പറ്റുകയും ചെയ്തു. ആയതിലേക്ക് അമ്പലപ്പുഴ പി.എസ്സിൽ ക്രൈം 75/79 യു/എസ് 279, 337, 338, 304 (എ) ഐ.പി.സി പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

6. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയുടെ കാർ ശീമാട്ടി ജംഗ്ഷനിൽ വച്ച് കെ.എൻ2.സി 2910 എന്ന പിക്ക്അപ്പ് ഓട്ടോയുമായി കൂട്ടിയിടിച്ചത് സംബന്ധിച്ച് ചാത്തന്നൂർ പി.എസ്സിൽ ക്രൈം 218/98 26/എസ് 279 ഐ.പി.സി പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തി ചാർജ്ജ് ഷീറ്റ് പരവൂർ ജെ.എഫ്.എം.സി. മുമ്പാകെ സമർപ്പിക്കുകയും ആയത് വിചാരണയിലുമാണ്.

II മന്ത്രിമാരുടെ എക്സ്കോർട്ട് വാഹനങ്ങൾ അപകടത്തിൽപ്പെട്ട സംഭവം

1. 4-9-1999-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് എക്സ്കോർട്ട് പോയിരുന്ന കെ.എൽ.9.എ 8451 നമ്പർ ടൂറിസ്റ്റുകാർ മേലാറ്റൂരിൽ വച്ച് ഓയ് പാലത്തിലിടിച്ച് കാറിലുണ്ടായിരുന്ന എ.ആർ. ക്യാമ്പിലെ ആർ.എസ്.ഐ 1, എച്ച്.സി 1, പി.സി.1 എന്നിവർക്ക് പരിക്ക് പറ്റി. ഇക്കാര്യത്തിന് മേലാറ്റൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 134/99 യു/എസ് 279, 337, ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. 15-5-1998-ന് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിക്ക് എസ്കോർട്ട് പോയ കെ.എൽ. 01/8700 എന്ന കാർ കൊടകര പെട്രോൾ പമ്പിന് സമീപം എൻ.എച്ച് റോഡിൽ മഴമൂലം വഴുതി അതുവഴി വന്ന കെ.എസ്.ആർ.ടി.സി.

LIBRARY ARCHIVES Kerala Legislative Assembly

ബസിൽ ഇടിക്കാൻ ഇടയായ കാര്യത്തിന് കൊടകര പി.എസിൽ ക്രൈം 124/98 യു/എസ് മോട്ടോർ ഒക്കറൻസ് ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി മോട്ടോർ ഒക്കറൻസ് ആയി തീർപ്പു കൽപ്പിച്ച് ഫൈനൽ റിപ്പോർട്ട് അയച്ചിട്ടുണ്ട്.

3. ബഹുമാനപ്പെട്ട കേരളനിയമസഭാ സ്പീക്കർക്ക് എക്സ്കോർട്ട് പോയ കെ.എൻ.01.സി 1600 എന്ന കാർ കുന്ദംകുളത്തുവച്ച് റോഡിൽ കൂടി നടന്നു പോയ ജോർജ്ജ്, എസ്/ഒ ഇട്ടിമാത്തൻ, ചെറുവത്തൂർ വീട്, കരിക്കാട് എന്നയാളുടെ ദേഹത്ത് 7-6-1999-ാം തീയതി ഉച്ചയ്ക്ക് 1.15ന് ഇടിക്കാൻ ഇടയായ സംഭവത്തോട് അനുബന്ധിച്ച് കുന്ദംകുളം പി.എസ്സിൽ ക്രൈം 340/99 യു/എസ് 279, 337 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുന്ദംകുളം ജെ.എഫ്.എം.സിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചു. ഈ സംഭവത്തിൽ ജോർജിന്റെ ഇടതുകാലിലും തലയിലും പരിക്കേറ്റു.

4. 5-7-1999-ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്ക് എസ്കോർട്ട് പോയ കെ.എൽ.01 ജെ. 8811 എന്ന കാർ ഊരാൻ വിള എന്ന സ്ഥലത്തു വച്ച് റ്റി.എൻ. 195 കെ.എസ്.ആർ.റ്റി.സി എന്ന എക്സ്പ്രസ് ബസുമായി കൂട്ടിയിടിച്ച് 4 പേർക്ക് പരിക്ക് പറ്റിയ സംഭവത്തോട് അനുബന്ധിച്ച് ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 178/99 യു/സി മോട്ടോർ ഒക്കറൻസ് ആയി കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തി ഫൈനൽ റിപ്പോർട്ട് പരവൂർ ജെ.എഫ്.എം.സി. മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

5. 19-3-1999ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എസ്കോർട്ട് പോയ കെ.എൻ.01.ഡി 689 എന്ന കാർ മേവറം എന്ന സ്ഥലത്തുവച്ച് കാൽനടക്കാരനെ തട്ടി പരിക്കുപറ്റിയത് സംബന്ധിച്ച് കൊട്ടിയം പി.എസിൽ ക്രൈം യു/എസ് 279, 337 കെ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും കേസ് കോടതിയിൽ വിചാരണയിലുമാണ്.

III മന്ത്രിമാരുടെ പൈലറ്റ് വാഹനങ്ങൾ അപകടത്തിൽപ്പെട്ട സംഭവം

1. ബഹുമാനപ്പെട്ട മുൻകേന്ദ്രമന്ത്രി ശ്രീ. രമാകാന്തിന് തൊടുപുഴയിൽ നിന്നും പൈനാവിലേയ്ക്ക് പൈലറ്റ് വന്ന കരിമണ്ണയൂർ പി.എസിലെ കെ.എൽ.1 2983-ാം നമ്പർ ജീപ്പ് മൂലമറ്റം തൊടുപുഴ സർവ്വീസ് നടത്തുന്ന കെ.എൽ. 7/എഫ്-9315-ാം നമ്പർ പ്രൈവറ്റ് ബസിൽ 24-8-1996-ൽ ഉച്ചയ്ക്ക് 1.15ന് ഇടിച്ചതിൽ കരിമണ്ണൂർ പി.എസ്സിലെ

LIBRARY ARCHIVES Kerala Legislative Assembly

എസ്.ഐ.കെ. അനിരുദ്ധൻ പി.സി. നമ്പർ 1169, 1379, 1152 ഡ്രൈവർ എച്ച്.സി. 1709 എന്നിവർക്കും പരിക്കേറ്റു. ആയതിന് കാഞ്ഞാർ പി.എസിൽ ക്രൈം 155/96 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 10-9-1996-ൽ ടി കേസ് തൊടുപുഴ ജെ.എഫ്.എം.സി. II-ൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്.

2. 18-10-1998-ൽ ഓങ്കല്ലൂർ എന്ന സ്ഥലത്തു വച്ച് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രിക്ക് പൈലറ്റ് ഡ്യൂട്ടിക്ക് പോയ ഷൊർണ്ണൂർ പി.എസിലെ കെ.സി.വി 1285 എന്ന ജീപ്പ് കെ.എൻ. 9/ബി 6236-ാം നമ്പർ ആട്ടോറിക്ഷയുമായി ഇടിച്ചതിൽ ജീപ്പിന് കേടുപറ്റിയത് സംബന്ധിച്ച് പട്ടാമ്പി പി.എസ് ക്രൈം 410/9820/ എസ് 279 ഐ.പി.സി ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നിഷേധിച്ച സംഭവം

21(21) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും രോഗചികിത്സയ്ക്ക് നേരിടേണ്ടി വരുന്ന ചെലവ് റീ-ഇംപേഴ്സ് ചെയ്തു കൊടുക്കുവാൻ വ്യവസ്ഥയുണ്ടോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഏതെങ്കിലും മന്ത്രിമാരുടെയോ, ചീഫ് വിപ്പിന്റേയോ പ്രതിപക്ഷ നേതാവിന്റെയോ പേഴ്സണൽ സ്റ്റാഫിലുള്ളവർ അവരുടെ ആശ്രിതരുടെ ചികിത്സക്കുവേണ്ടി ചെലവു ചെയ്ത തുക റീ-ഇംപേഴ്സ് ചെയ്തു കിട്ടുന്നതിന് നൽകിയ ക്ലെയിം ടൈം ബാർഡ് എന്ന് പറഞ്ഞ് തള്ളിയ സംഭവം ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ ആരുതന്ന ക്ലെയിം ആണ് അപ്രകാരം തള്ളിക്കളഞ്ഞത് ; എന്തടിസ്ഥാനത്തിലാണ് പ്രസ്തുത ക്ലെയിം ടൈം ബാർഡ് ആണെന്ന് തീരുമാനിച്ചത് ;

(ഡി) പ്രസ്തുത ക്ലെയിം ടൈം ബാർഡ് ആണെന്ന് തീരുമാനിക്കുന്നതിന് മുമ്പ് ക്ലെയിം സമർപ്പിച്ചയാളിനോട് അത് സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം തേടിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) ക്ലെയിം ടൈം ബാർഡ് ആണെന്ന് ഏതു ലെവലിൽ ആരാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly